


# ഗവ.എൽ.പി. സ്കൂൾ

## പൊടിയാടി

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ 2025-26

**സ്കൂൾതലം**

നെടുമ്പ്രം പഞ്ചായത്തിലെ ഏക ഗവ. എൽ.പി.സ്കൂൾ ആണ് ജി.എൽ.പി.എസ്. പൊടിയാടി. ഇവിടെ പ്രീ പ്രൈമറി മുതൽ 4 വരെ ക്ലാസ്സുകളിലായി ഏകദേശം 57 കുട്ടികൾ പഠിക്കുന്നു. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളാണ് ഓരോ വർഷവും ഇവിടെ നടപ്പിലാക്കുന്നത്. ഇതിലൂടെ 2023-24, 2024-25 എന്നി വർഷങ്ങളിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.

## നേട്ടങ്ങൾ

2024-25 വർഷത്തിലെ വിദ്യാലയത്തിന്റെ നേട്ടങ്ങൾ പ്രശംസനീയമാണ്. തിരുവല്ല ഉപജില്ലാതല ബഷീർദിന ക്വിസിൽ മാസ്റ്റർ ആര്യൻ അനൂപിന് രണ്ടാം സ്ഥാനം നേടാൻ കഴിഞ്ഞു. ശാസ്ത്ര, ഗണിത, സാമൂഹ്യ, പ്രവൃത്തി പരിചയ മേളകളിൽ ഹെഡ്മിസ്ട്രസ്സ് ശ്രീമതി ഷെറി ജോൺസണിന്റെ നേതൃത്വത്തിൽ മികച്ചരീതിയിൽ കുട്ടികൾക്ക് പരിശീലനങ്ങൾ നൽകിവരുന്നു. സാമൂഹ്യ ശാസ്ത്രമേളയിൽ തുടർച്ചയായി 2-ാം തവണ മോഡലിന് ഒന്നാം സ്ഥാനം എ ഗ്രേഡ് കരസ്ഥമാക്കിയത് ഈ പ്രവർത്തന ങ്ങളുടെ നേട്ടമാണ്. സാമൂഹ്യ ശാസ്ത്രമേളയിൽ സബ്ജില്ലാ തലത്തിൽ രണ്ടാം സ്ഥാനം നേടാനും വിദ്യാലയത്തിന് കഴിഞ്ഞു.

പ്രവൃത്തി പരിചയമേളയിൽ ഫേബ്രിക് പെയിന്റ് ഒന്നാം സ്ഥാനം എ ഗ്രേഡ് ഗൗരി നന്ദ എസ്., വെജിറ്റബിൾ പ്രിന്റിംഗ് സെക്കന്റ് എ ഗ്രേഡ് (തുടർച്ചയായി രണ്ടാം തവണ) ഹാനോക്ക്

വിനോദ് തോമസ്, ബീഡ്സ് വർക്ക് രൂപിക രമേശ് മൂന്നാം സ്ഥാനം ബി ഗ്രേഡ്, ക്ലേ മോഡലിൽ സിദ്ധാർത്ഥ് നാലാം സ്ഥാനം ബി ഗ്രേഡ്, പേപ്പർ പൂക്കൾ നിർമ്മാണത്തിൽ റിതിക രമേശ് സി ഗ്രേഡും കരസ്ഥമാക്കി.

ശാസ്ത്രമേളയിൽ ലഘുപരീക്ഷണങ്ങളിൽ ശിവനന്ദ ആർ., അഭിനവ് എ.ജെ. എന്നിവർ മൂന്നാ സ്ഥാനം എ ഗ്രേഡ് നേടി. ചാർട്ടിന് ദക്ഷദാസ്, ലക്ഷ്മി ഉപേന്ദ്രൻ എന്നിവർക്ക് തേർഡ് എ ഗ്രേഡ് ലഭിച്ചു. മോഡൽ അർജുൻ എസ്., ആഷിക് അശോക് എന്നിവർക്ക് സി. ഗ്രേഡ് ലഭിച്ചു. ദക്ഷ ദാസിന് ശാസ്ത്ര ക്വിസിന് തേർഡ് ലഭിച്ചു.

ഗണിത ശാസ്ത്രമേളയിൽ നിരഞ്ജൻ എ മോഡൽ സെക്കന്റ് എ ഗ്രേഡ് ലഭിച്ചു. കൃഷ്ണവേണി ജെ. പാറ്റേൺ ഫോർത്ത് ബി ഗ്രേഡ്, ആരവ് കൃഷ്ണൻ ആർ. ജോമട്രിക്കൽ ചാർട്ടിൽ എ ഗ്രേഡും അർജുൻ പ്രദീപ് പസിൽ സി ഗ്രേഡും കരസ്ഥമാക്കി.

സാമൂഹ്യ ശാസ്ത്രമേളയിൽ മോഡലിൽ ഫസ്റ്റ് എ ഗ്രേഡ് ആര്യൻ അനൂപ്, നീരജ് ഡി. കൃഷ്ണ എന്നി വർ കരസ്ഥമാക്കി. ക്വിസ് മത്സരത്തിൽ ആര്യൻ അനൂപ് മൂന്നാം സ്ഥആനം കരസ്ഥമാക്കി.

ആര്യൻ അനൂപ് അക്ഷരമുറ്റം ക്വിസിൽ ഉപ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും സ്വദേശി മെഗാ ക്വിസിൽ ഉപ ജില്ലാ തലത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിദ്യാലയത്തിന്റെ പൊതു വിജ്ഞാന പ്രവർത്തനമായ "ഒരു ദിനം ഒരു അറിവ് " എന്ന പ്രവർത്തനത്തിന്റെ നേട്ടമാണിത്.

തിരുവല്ല ഉപജില്ലാതല വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന കവിതാ രചന മത്സരത്തിൽ ആര്യൻ അനൂപ് സെക്കന്റ് എ ഗ്രേഡും, കഥാ രചനയിൽ ദക്ഷാദാസ് സെക്കന്റ് എ ഗ്രേഡും, സിദ്ധാർത്ഥ് ആർ. ചിത്ര രചനയിൽ സെക്കന്റ് എ ഗ്രേഡും, കരസ്ഥമാക്കി.

ജില്ലാതല ശിശുദിന മത്സരത്തിൽ പുണർത് എം. പദ്യപാരായണത്തിൽ സെക്കന്റ് എ ഗ്രേഡും, ആര്യൻ അനൂപ് ക്വിസിൽ സെക്കന്റ് എ ഗ്രേഡും, ഉപന്യാസ രചനയിൽ സെക്കന്റ് എ ഗ്രേഡും കരസ്ഥമാക്കി.

ജില്ലാതല ചിത്രരചന മത്സരത്തിൽ സിദ്ധാർത്ഥ് ആർ. ഫസ്റ്റ് എ ഗ്രേഡും, ഗൗരി നന്ദ എസ്. സെക്കന്റ് എ ഗ്രേഡും കരസ്ഥമാക്കി സംസ്ഥാന തല മത്സരത്തിൽ പങ്കെടുത്തു.

കണ്ണശ്ശ സ്മാരക ചിത്രരചന മത്സരത്തിൽ സിദ്ധാർത്ഥ് ആർ. ഒന്നാം സ്ഥാനം കരസ്ഥമാക്കി.

2024-25 വർഷത്തെ എൽ.എസ്.എസ്. പരീക്ഷയിൽ ആര്യൻ അനൂപ്, കൃഷ്ണവേണി ജെ. ദക്ഷ ദാസ് എന്നിവർ ഉയർന്ന മാർക്കോടെ  എൽ.എസ്.എസ്. കരസ്ഥമാക്കി.

## പരിമിതികൾ

നിരവധി അൺ എയ്ഡഡ് സ്കൂളുകളുടേയും എയ്ഡഡ് സ്കൂളുകളുടേയും ഇടയിൽ സ്ഥിതി ചെയ്യുന്ന സ്കൂൾ ആയതുകൊണ്ട് ടി വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കാലാകാലങ്ങളിൽ കുറഞ്ഞുവരുന്നു. ഇത് മറികടക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത വിദ്യാലയം നേരിടുന്ന ഒരു പോരായ്മയാണ്.

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളേയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാല ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2024-25 വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു. പഠന വിടവുകൾ നികത്തുക എന്നത് ഈ പദ്ധതിയുടെ ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ ശിശുസൗഹൃദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റുക അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# മലയാളം

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| അക്ഷര സ്ഫുടതയോടെയും ഒഴുക്കോടെയും ആശയ വ്യക്തതയോടെയും ഉള്ള വായന | വായിക്കാം..... എഴുതാം...... വായിക്കാം | ♦ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന<br>♦ ഉച്ചത്തിൽ വായന<br>♦ വായനാകാർഡ് നൽകുന്നു. | 2 ആഴ്ച | |
| | വായിക്കാം..... എഴുതാം...... വായിക്കാം തുടർപ്രവർത്തനം | ♦ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>♦ വായനാകാർഡ് നോട്ടുബുക്കിൽ എഴുതൽ<br>♦ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ചു കേൾപ്പിക്കുന്നു. | ജൂൺ - മാർച്ച് | |
| | ക്ലാസ്സ് റൂം ലൈബ്രറി | ♦ ക്ലാസ്സ് റൂം ലൈബ്രറി ഒരുക്കൽ<br>♦ പുസ്തക വിതരണം<br>♦ വായന, വായനാനുഭവം പങ്കുവെയ്ക്കൽ | ജൂൺ - മാർച്ച് | |

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| കവിത, കഥ എന്നിവ കേട്ടു സ്വന്തം ഭാഷ യിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം<br>എഴുതാം | ♦ കുട്ടിക്ക് ഐ.സി.റ്റി. ഉപയോഗിച്ച് കഥ കാണാൻ അവസരം<br>♦ കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം<br>♦ അധ്യാപികയുടെ ഇടപെടൽ മെച്ചപ്പെടുത്തി എഴുതൽ | വർഷം മുഴുവൻ | |
| | സർഗ്ഗാത്മക രചന<br>സചിത്ര ബുക്ക് (ക്ലാസ് 2)<br>സംയുക്ത ഡയറി(1,2)<br>സർഗ്ഗാത്മക ഡയറി (3,4)<br>രചന പരിചയക്കുറിപ്പ് (4) | ♦ 1-ാം ക്ലാസ്സിൽ സംയുക്ത ഡയറിയുടെ പ്രവർത്തനം നടത്തുന്നു.<br>♦ 2-ാം ക്ലാസ്സിൽ ഇംഗ്ലീഷിലും, മലയാളത്തിലും സചിത്രബുക്ക് ചെയ്യിക്കുന്നു.<br>♦ 3,4 ക്ലാസ്സുകളിൽ സർഗ്ഗാത്മക മായി പ്രവർത്തനം നൽകുന്നു.<br>♦ രചനാ പരിചയകുറിപ്പ് (4) | ജൂൺ - മാർച്ച് | |
| | **റിസോഴ്സ് തീയറ്റർ**<br>ശ്രവ്യ വായനയുടെ ഉയർന്ന തലത്തിൽ എത്തിക്കുക | പാഠഭാഗത്തിലെ കഥാപാത്രങ്ങളുടെ സംഭാഷണം കുട്ടികൾ വായിക്കുന്നു. റീഡേഴ്സ് തീയറ്റർ രൂപത്തിൽ അവതരിപ്പിക്കുന്നു. | ജനുവരി മാർച്ച് | |

# ENGLISH

| Learning out comes | Activities | Activity Details | Duration | |
|---|---|---|---|---|
| Speak English using Pictures | Picture Description | ◆ The teacher shows a picture<br>◆ Dicussion<br>◆ Child talk about the picture<br>◆ Slow learners give opportunity to express their idea in malayalam | June to August | |
| Makes Simple riddles | Riddles | ◆ Give children to opportunity to hear and answer simple riddles<br>◆ make simples riddles<br>◆ Give opportunity to express their ideas. | January to March | |
| undertake simple project work | Project works | Give instructions<br>Data collection | October to March | |
| **One day One word** make simple word | One day One word | Teacher introduce one word in each day make sentences with these words | June to March | |

# ഗണിതം

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | സാമ്പത്തികം |
| --- | --- | --- | --- | --- |
| സംഖ്യാബോധം<br>1-20 (ക്ലാസ് 1)<br>1-100 (ക്ലാസ് 2)<br>1-1000 (ക്ലാസ്സ് 3)<br>1-1000 (ക്ലാസ്സ് 4) | ♦ നറുക്കെടുക്കാം<br>♦ ഡയസ് കളി<br>♦ ഈർക്കിൽകളി<br>♦ പാറ്റേൺ പൂർത്തിയാക്കു ക്രമീകരിക്കാം<br>♦ ക്ലാസ്സിൽ ഒരു കട/ കച്ചവട കണക്ക്<br>♦ കാർഡ് കളി | ♦ സംഖ്യകൾ എഴുതിയ നറുക്ക് കുട്ടിക്ക് നൽകുന്നു.<br>♦ കിട്ടിയ സംഖ്യകൾ വായിക്കുന്നു.<br>♦ മറ്റുള്ളവർ സംഖ്യകൾ എഴുതുന്നു. | വർഷം മുഴുവൻ | |
| മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | ♦ കൂട്ടങ്ങളാക്കാം<br>♦ സംഖ്യാസൂര്യൻ<br>♦ ക്രമീകരിക്കാം | | വർഷം മുഴുവൻ | |

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | സമയചക്രം | സമയവുമായി ബന്ധപ്പെട്ട് പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. | വർഷം മുഴുവൻ | |
| | ഭാഗ്യവാനെ കണ്ടെത്താം | ♦ അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>♦ വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരെഞ്ഞെടുക്കാൻ അവസരം നൽകുന്നു. | വർഷം മുഴുവൻ | |
| | ജോഡി കണ്ടെത്താം | ♦ വിവിധ ക്രികൾ അടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് സംഖ്യകൾ നറുക്കുകൾ തെരെഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>♦ ക്രിയ ചെയ്യുന്നു. | വർഷം മുഴുവൻ | |

# പരിസര പഠനം

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പ്രകൃതി നടത്തം | ♦ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരിക്ഷിക്കാം<br>♦ പ്രത്യേകതകൾ മനസ്സിലാക്കം<br>♦ ജീവജാലങ്ങളുടെ പരസ്പരാശ്രത്വം ചർച്ച<br>♦ പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ മനസ്സിലാക്കുന്നു.<br>♦ തെറ്റും ശരിയും ചർച്ച ചെയ്യാം | വർഷം മുഴുവൻ | |
| | പൂന്തോട്ടം ഒരുക്കാം | ♦ സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>♦ വീട്ടിൽ പൂന്തോട്ടം ഒരുക്കാം | വർഷം മുഴുവൻ | |

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| | ദിനാചരണം | വിവിധ ദിനാചരണങ്ങൾ നടത്തുന്നു. | വർഷം മുഴുവൻ | |
| ഒരു തൈ നടാം | പരിസ്ഥിതി ദിനത്തിൽ വൃക്ഷതൈ നടീൽ<br>നട്ട വൃക്ഷത്തൈ പരിപാലിക്കൽ | | വർഷം മുഴുവൻ | |
| | | | | |